**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5815.

03.11.2016 -ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

ചോദ്യം

**ശ്രീ.റോജി എം.ജോൺ**

മറുപടി

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി**

| | |
|---|---|
| (എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗമായവർക്ക് എത്ര വയസ്സിലാണ് പെൻഷനും മറ്റ് ആനുകൂല്യവും അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ബോർഡിൽ അംഗമായി ചേർന്ന് എല്ലാ വർഷവും അംഗത്വം പുതുക്കിയും, അംശദായം ഒടുക്കിയും സജീവ അംഗത്വം നിലനിർത്തുന്ന ബോർഡിലെ അംഗ തൊഴിലാളി 60 വയസ്സ് പൂർത്തിയാകുന്ന ക്രമത്തിൽ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (ബി) പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുവാൻ മിനിമം സർവ്വീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യ മാക്കാമോ; | (ബി) 60 വയസ്സ് പൂർത്തിയാകുന്ന സമയം തൊഴിലാളിക്ക് കുറഞ്ഞത് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കേ ണ്ടതാണെന്ന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ കുറഞ്ഞത് തുടർച്ചയായി 3 വർഷത്തെ സജീവ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗതൊഴിലാളിക്ക് വിവാഹ ധനസഹായം അനുവദിക്കുന്നുണ്ട്. മേൽ പറഞ്ഞ പെൻഷൻ, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ ഒഴികെ മറ്റ് ആനുകൂല്യങ്ങൾക്ക് ചട്ടം (283) പ്രകാരം ബോർഡിലെ സജീവ അംഗത്വം നിലനിർത്തുന്ന എല്ലാ തൊഴിലാളികൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിന് സർവ്വീസ് കാലയളവ് ബാധകമല്ല. |

| | |
|---|---|
| (സി) ഒരംഗം രോഗം ബാധിച്ചോ മറ്റേതെങ്കിലും കാരണത്താലോ വരിസംഖ്യ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പെൻഷൻ അനുവദിച്ച് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ബോർഡിന്റെ ചട്ടം 284 (2) പ്രകാരം ഒരു അംഗതൊഴിലാളി 11 മാസത്തിലധികം അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ടിയാന് ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ, കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കികൊണ്ട് അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതും, ടി അപേക്ഷയിന്മേൽ അർഹത ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതുമാണ്. ഇപ്രകാരം അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതിന് ഒരു തൊഴിലാളിക്ക് തന്റെ സർവ്വീസ് കാലയളവിൽ പരമാവധി 2 പ്രാവശ്യം മാത്രമാക്കി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.<br>ബോർഡിന്റെ ചട്ടം 290 പ്രകാരം പെൻഷൻ ലഭിക്കുന്നതിന് 60 വയസ്സ് പൂർത്തിയാകുന്ന അവസരത്തിൽ ബോർഡിന്റെ ചട്ടം 283 (9) പ്രകാരം അംഗത്വം പുതുക്കിയും, ചട്ടം 284 പ്രകാരം അംശദായം ഒടുക്കിയും സജീവ അംഗത്വം നിലനിർത്തിയിട്ടുള്ളവർക്ക് മാത്രമെ നിലവിൽ ബോർഡിന്റെ ചട്ട പ്രകാരം പെൻഷൻ ആനുകൂല്യത്തിന് അർഹതയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുള്ളൂ. |
| (ഡി) വരിസംഖ്യ ഒടുക്കുന്നതിന് വീഴ്ച സംഭവിച്ചവരുടെ കാര്യത്തിൽ മാനുഷിക പരിഗണന നൽകി കുടിശ്ശികതുക ഒന്നായി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് ചട്ടം 290 പ്രകാരം പെൻഷന് അർഹത നേടുന്ന സമയം 11 മാസത്തിലധികം അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനസ്ഥാപിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ചട്ടം (283) പ്രകാരം 18 നും 60 നും ഇടയിൽ പ്രായമുള്ള തൊഴിലാളിക്കാണ് ബോർഡിൽ അംഗമായി തുടരാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 60 വയസ് പൂർത്തിയാകുന്ന അവസരത്തിൽ ടി തൊഴിലാളിക്ക് ബോർഡിൽ അംഗത്വം നിലനിർത്തുവാനുള്ള അർഹത സ്വാഭാവികമായും ഇല്ലാതായി തീരുന്നതാണ്. ഈ സാഹചര്യത്തിൽ ടി തൊഴിലാളിക്ക് അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം നിലനിർത്താൻ നിലവിലെ ചട്ട പ്രകാരം വ്യവസ്ഥയില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**